ക്രമപ്രശ്നം

പ്രധാനാദ്ധ്യാപികയുടെ സ്ഥലംമാറ്റം

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെയും മുൻ സ്പീക്കർമാരുടെയും നിരവധി റൂളിംഗുകൾക്കും സഭയുടെ കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായി, സഭാസമ്മേളനം നടന്നുവരവെ 2014 ജൂൺ 16-ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തിരുവനന്തപുരം കോട്ടൺഹിൽ ഹൈസ്കൂളിലെ യോഗത്തിൽ പങ്കെടുത്ത് മണിക്കൂറുകളോളം സ്കൂളിന്റെ അദ്ധ്യയന അന്തരീക്ഷത്തിന് തടസ്സം വരുത്തുകയും ചെയ്തത് ക്രമത്തിലാണോ? കോട്ടൺഹിൽ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ദളിത് അദ്ധ്യാപിക ഹെഡ്മിസ്ട്രസായി വരുന്നത്. അവർ ഹെഡ്മിസ്ട്രസായി വന്നതിനുശേഷം അവടത്തെ എസ്.എസ്.എൽ.സി. റിസൾട്ട് 98 ശതമാനമായി ഉയർന്നു. നല്ല രീതിയിൽ സ്കൂളിന്റെ ഭരണം നടത്തുന്ന അദ്ധ്യാപികയെയാണ് ഇപ്പോൾ സ്ഥലംമാറ്റിയിരിക്കുന്നത്. എന്തിനാണ് അവരെ സ്ഥലം മാറ്റിയത്? ഡി.പി.ഐ.-യുടെ നിർദ്ദേശത്തിന് വിരുദ്ധമായി ഈ സ്കൂളിൽ പരിപാടി സംഘടിപ്പിച്ചത് ഹെഡ്മിസ്ട്രസിന്റെ അറിവോടെയല്ല. ഒൻപതരയ്ക്ക് പരിപാടി വച്ച മന്ത്രി യോഗത്തിന് എത്തിയത് പന്ത്രണ്ടരയ്ക്കാണ്. പതിനൊന്നുമണിവരെ ഹെഡ്മിസ്ട്രസ് അവിടെ കാത്തുനിന്നു. അതിനുശേഷം ഗേറ്റ് അടച്ചിട്ട് അവർ ഓഫീസിലേയ്ക്കുപോയി. ക്യാൻസർ രോഗിയായ അവർ മരുന്ന് കഴിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾക്കുമായാണ് പോയത്. ഇതിന്റെ

പേരിലാണ് അവരെ സ്ഥലംമാറ്റിയത്. 15 ദിവസത്തിനകം വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടാണ് അവർക്ക് നോട്ടീസ് നൽകിയത്. എന്നാൽ നോട്ടീസ് നൽകി മൂന്നാം ദിവസമാണ് അവരെ സ്ഥലംമാറ്റിയത്. വിശദീകരണം നൽകുന്നത് എന്താണെന്ന് മനസ്സിലാക്കാൻ പോലും കാത്തുനിൽക്കാതെയാണ് അവരെ രായ്ക്കുരാമാനം സ്ഥലം മാറ്റിയത്. ഈ അസാധാരണ സംഭവത്തിന് മുഖ്യമന്ത്രി മറുപടി പറയണം. ചീഫ് സെക്രട്ടറിയെ മാത്രമല്ല ഉദ്യോഗസ്ഥൻമാരെ മുഴുവൻ സംരക്ഷിക്കുന്ന നയമാണ് സർക്കാരിന്റേതെന്ന് കഴിഞ്ഞ ദിവസവും മുഖ്യമന്ത്രി സഭയിൽ പറഞ്ഞതായി കേട്ടു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് റൂൾ 303 അനുസരിച്ചാണ് ക്രമപ്രശ്നത്തിന് അങ്ങ് നോട്ടീസ് തന്നത്. അതിൽ ഇതൊന്നും വരുന്നില്ല. അങ്ങ് ആ വിഷയമെല്ലാം കടന്ന് സംസാരിക്കുക യാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, എങ്കിൽ ഞാൻ നിർത്താം. അതിന്റെ ഭാഗമായിട്ടാണ് ഇത് പറയുന്നത്. എന്തുകൊണ്ടാണ് ഈ പാവപ്പെട്ട രോഗിയായ അദ്ധ്യാപികയുടെ കാര്യത്തിൽ അതുണ്ടാകാതിരുന്നതെന്നും മനസ്സിലായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാവരെയും സംരക്ഷിക്കുകയാ ണല്ലോ. ഈ പാവത്തിന്റെ കാര്യത്തിൽ അതുണ്ടായില്ല. അത് സംബന്ധിച്ച് വിശദീകരണം വേണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, നിയമസഭാ സമ്മേളനം നടക്കുമ്പോൾ പരിപാടികൾക്ക് പോകാൻ

പാടില്ലെന്നുള്ള റൂളിംഗ് ഉണ്ടെന്നുള്ളത് പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. തിരുവനന്തപുരം സിറ്റിക്കകത്തുള്ള പരിപാടികളിൽ എല്ലാ കാലഘട്ടങ്ങളിലും അസംബ്ലിയിലുള്ള ബന്ധപ്പെട്ട മന്ത്രിയുടെയോ എം.എൽ.എ.-യുടെയോ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ പോകുകയും വരുകയും ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജൂൺ 16-ാം തീയതി നടന്ന പരിപാടിക്ക് രണ്ടാഴ്ച മുമ്പാണ് 16-ാം തീയതി 11 മണിക്ക് എന്നുള്ള സമയം കൊടുത്തത്. 11 മണിക്കാണ് സമയം കൊടുത്തത് എന്ന് പ്രധാനാദ്ധ്യാപിക തന്നെ മാധ്യമങ്ങളോട് പറയുന്നത് ഇന്നലെ ടി.വി.യിൽ വന്നതാണ്. 9 മണിമുതൽ കുട്ടികളെ അവിടെ ഇരുത്തിയതിന് ഞാൻ ഉത്തരവാദിയല്ല. മാത്രവുമല്ല ഇത് കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള പരിപാടിയാണ്. കോട്ടൺഹിൽ സ്കൂളാണ് ഏറ്റവും നല്ല ഇംഗ്ലീഷ് ക്ലബ്ബായി തെരഞ്ഞെടുക്കപ്പെട്ടത്. അവർക്ക് അവാർഡ് കൊടുക്കാൻ വേണ്ടിയുള്ള പരിപാടിയാണ് അവിടെ സംഘടിപ്പിച്ചത്. നിയമസഭയിലെ എന്റെ ബിസിനസ്സ് പൂർത്തിയാക്കിയിട്ടാണ് ഞാൻ ആ പരിപാടിക്ക് പോയത്. സബ്മിഷനുകൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് അത് തീരാൻ 12 മണിയായി. ഞാൻ അവിടെ എത്തിയത് 12.15-നാണ്. അതാണ് സംഭവം. ടീച്ചറുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ഇന്നലെ ഞാൻ സഭയിൽ പറഞ്ഞതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, പ്രതിപക്ഷനേതാവ് ഉന്നയിച്ച റൂളിംഗുമായി ബന്ധപ്പെട്ട പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സ്പീക്കറുടെ റൂളിംഗ് നിലനിൽക്കുന്നു. ആ റൂളിംഗിന്റെ അന്ത:സത്ത എന്നുപറയുന്നത്,

സഭ നടന്നുകൊണ്ടിരിക്കുമ്പോൾ സഭയിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കുന്നതിന് അസൗകര്യമുണ്ടാകത്തക്ക വിധത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കരുതെന്നാണ്. പലപ്പോഴും ദേശീയദിനങ്ങളും, അന്തർദ്ദേശീയ ദിനങ്ങളും വരും. ഞാൻ ഇപ്പോൾ ഇതിനിടയ്ക്ക് പുറത്തു പോയി, ഇന്ന് ലഹരിവിരുദ്ധ ദിനമാണ്. അതിന്റെ സംസ്ഥാനതല ചടങ്ങിൽ പങ്കെടുത്തശേഷമാണ് ഞാനിവിടെ വരുന്നത്. .......... (ബഹളം) .......അതുകൊണ്ട് ആ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് മെമ്പർമാർക്ക് അസൗകര്യമുണ്ടാകാത്തവിധത്തിൽ അനിവാര്യമായ പരിപാടികളിൽ ചിലപ്പോൾ പങ്കെടുക്കേണ്ടിവരും. അതിന് ഒരുവിധത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ പാടില്ല. ഇവിടെയുണ്ടായ സംഭവത്തെക്കുറിച്ച് മന്ത്രി വളരെ വ്യക്തമായി പറഞ്ഞു. മന്ത്രി കൊടുത്തിരുന്ന സമയം 11.00 മണിയാണ്. ആ സമയം കഴിഞ്ഞിട്ടും നീണ്ടുപോയത് സഭയിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിനു വേണ്ടിയാണ്. അതുകഴിഞ്ഞ് അദ്ദേഹം ഒരു മണിക്കൂറിലേറെ വൈകിയാണ് അവിടെയെത്തിയത്. എത്തിയ സമയത്തുള്ള സ്കൂൾ ഹെഡ്മിസ്ട്രസിന്റെ നടപടി തെറ്റായ രീതിയിലായിരുന്നു. അതിന് ഞങ്ങൾ ഉടൻ പ്രതികരിക്കുകയല്ല ചെയ്തത്, ഒരു സീനിയർ ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി. ആ അന്വേഷണ റിപ്പോർട്ട് കിട്ടി, റിപ്പോർട്ടിൽ അച്ചടക്കനടപടി എന്നുപറഞ്ഞത് ലഘൂകരിച്ചുകൊണ്ട് സ്ഥലംമാറ്റത്തിലാക്കി. ഞാനൊന്നുപറഞ്ഞോട്ടെ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.യോട് ടെലിഫോണിൽക്കൂടി മോശമായ രീതിയിൽ സംസാരിച്ചതിന്റെ പേരിൽ മഞ്ചേശ്വരം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ ശ്രീ. റ്റി. പി. സുരേന്ദ്രനെയും വൈസ്

പ്രിൻസിപ്പലും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ റീഡറുമായ ശ്രീ. ബാബുരാജി നെയും ഒരന്വേഷണവും കൂടാതെ സസ്പെൻഡ് ചെയ്തു. ഒരന്വേഷണവും നടത്തിയില്ല. ..........(ബഹളം).......... അതും നേരിട്ടല്ല. ഫോണിൽക്കൂടി എം. എൽ.എ.യോട് സംസാരിച്ചത് കടുത്ത ......(ബഹളം)........ ടെലിഫോണിൽക്കൂടി സംസാരിച്ചത് ചട്ടലംഘനമാണെന്നുപറഞ്ഞ് അന്വേഷണംപോലും നടത്താതെ സസ്പെൻഡ് ചെയ്തവരാണ്. ഇത് വളരെ പ്രകടമായിട്ടുള്ള ഒന്നായി തോന്നിയതുകൊണ്ട് അന്വേഷണം നടത്തി; നടപടിക്രമങ്ങളെല്ലാം പാലിച്ച്; ശുപാർശ ചെയ്തതിനേക്കാൾ ഒരു പടികൂടി താഴ്ത്തിയുള്ള ഒരു സ്ഥലംമാറ്റ മാണ് നടത്തിയിട്ടുള്ളത്. ഇതിൽ ആ അദ്ധ്യാപികയ്ക്ക് എന്തെങ്കിലും പരാതി യുണ്ടെങ്കിൽ അപ്പീൽ കൊടുക്കാനുള്ള പ്രൊവിഷനുണ്ട്. അപ്പീൽ കൊടു ക്കാം. അപ്പീൽ കൊടുത്താൽ നിശ്ചയമായും ഗവൺമെന്റ് അത് പരിശോധി ക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രധാനാദ്ധ്യാപികയോട് 15 ദിവസത്തിനുള്ളിൽ കാരണം കാണിക്കൽ നോട്ടീസ് തരണമെന്നു പറഞ്ഞതി നിടയിൽ ഈ നടപടിയെടുക്കാനെന്താണ് കാരണം? മറുപടിക്ക് ശേഷമല്ലേ നടപടിയെടുക്കുക, സ്ഥലം മാറ്റുക. അതിനുള്ള അവസരം എന്തുകൊണ്ട് നിഷേധിച്ചു? അതൊരു പട്ടികജാതി കുടുംബത്തിൽപ്പെട്ട ഒരു സ്ത്രീ ആയതുകൊണ്ടല്ലേ..................(ബഹളം)...............

ശ്രീ. ഉമ്മൻചാണ്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, നിങ്ങൾ ഇന്നലെമുതൽ തുടങ്ങിയതാണ് ഇതിന് സാമുദയിക നിറം കൊടുക്കാൻ. വളരെ തെറ്റാണ്, ഇത് ഈ കേരളത്തിൽ ചെയ്യുന്നത് തെറ്റാണ്. .......(ബഹ

ളം)............. തെറ്റാണ് എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഒരു മര്യാദ വേണ്ടേ?

മി. സ്പീക്കർ: ...... പ്ലീസ്......... പ്ലീസ്..........(ബഹളം)............ ഒരു ക്രമ പ്രശ്നം ഉന്നയിച്ചതിന് സ്പീക്കറുടെ റൂളിംഗ് വേണ്ടേ? ........ പ്ലീസ്..........

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ ഉദ്യോഗസ്ഥന്മാരെ മുഴുവൻ സംരക്ഷിക്കുക എന്ന തരത്തിൽ ഒരു പ്രഖ്യാപനം ഈ സഭയിൽത്തന്നെ നടത്തിയതാണ്. അത് നിൽക്കെയാണ് 15 ദിവസത്തിനകം മറുപടി തരണമെന്ന് വിശദീകരണം ചോദിച്ചതിനുശേഷം മറുപടി എന്താണെന്ന് കേൾക്കുകപോലും ചെയ്യാൻ കൂട്ടാക്കാതെ മൂന്നുദിവസം കഴിഞ്ഞപ്പോൾ അവരെ .......... ഈ തരത്തിലുള്ള നടപടി സ്വീകരിക്കുന്നത് ശരിയാണോ? ...........(ബഹളം).......... സ്ത്രീകൾക്കായാലും പുരുഷന്മാർക്കായാലും മൂത്രമൊഴിക്കണമെന്നു തോന്നിയാൽ കാത്തിരിക്കുന്നതിന് ഒരു സമയമില്ലേ; അവർ കുറച്ചുനേരത്തെ പോയി. ബഹുമാനപ്പെട്ട മന്ത്രിയുടെ സമയം കുറച്ചുകൂടി കാക്കാൻ വയ്യാത്തവിധത്തിൽ അവർ പോയി. പോയതിനെത്തുടർന്ന് മന്ത്രി വരികയും ചെയ്തു. ഇതൊക്കെ സംഭവിച്ചതാണ്. അതുകൊണ്ട് ഞാൻ ചോദിക്കുകയാണ് 15 ദിവസത്തിനകം മറുപടി തരണമെന്ന് പറഞ്ഞുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അത്രയും സമയം കാത്തുനിൽക്കാതെ വളരെ ധൃതിപിടിച്ച് ഇങ്ങനെയൊരു നിലപാടെടുത്തത് ശരിയായോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇത്തരം അഡ്മിനിസ്ട്രേറ്റീവ് ഇഷ്യൂസിന് മറുപടി പറയാൻ സ്പീക്കർക്ക് സാധ്യമല്ല. അതിനിവിടെ മുഖ്യമന്ത്രിയും മറ്റുമുണ്ട്.

<u>ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ:</u> സർ, അവരോടാണ് ഞാൻ ചോദിക്കുന്നത്.

<u>മി. സ്പീക്കർ:</u> അവർ മറുപടി പറഞ്ഞു. സഭയുടെ മുമ്പിലുള്ളത് അങ്ങയുടെ ക്രമപ്രശ്നമാണ്. അതിന്റെ റൂളിംഗ് ചെയർ നൽകുന്നതാണ്. ..............(ബഹളം) .......... അല്ല .....പ്ലീസ്............. പ്ലീസ്......... ഞാനൊന്നുപറയട്ടെ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇവിടെ മന്ത്രി അങ്ങയുടെ റൂളിംഗ് ലംഘിച്ചുകൊണ്ട് പരിപാടിക്കുപോയി. അതുകൊണ്ടാണ് ഈ സംഭവം ഉണ്ടായത്.

<u>മി. സ്പീക്കർ:</u> പ്ലീസ്.........പ്ലീസ്....... അത് ഞാൻ പറയാം. ഇവിടെ ബഹുമാനപ്പെട്ട മുൻസ്പീക്കർമാരുണ്ട്. നമ്മൾ പലരും കാൽനൂറ്റാണ്ടായി ഈ നിയമസഭയിൽ ഇരിക്കുന്ന ആളുകളാണ്. എഴുതിത്തയ്യാറാക്കിയ ചട്ടങ്ങളല്ല. ഇത്തരം റൂളിംഗുകളും ഗവൺമെന്റ് സർക്കുലറുകളും ഉണ്ടായിട്ടുണ്ട്. സഭ നടക്കുമ്പോൾ നിയമസഭാംഗങ്ങൾക്ക് തടസ്സമുണ്ടാകുന്നതരത്തിൽ മന്ത്രിമാർ പരിപാടിയിൽ പങ്കെടുക്കാൻ പാടില്ലായെന്നുള്ളത്. ഞാനും മുൻപ് ഒന്നുരണ്ടുപ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്നാൽ ചില പ്രത്യേക ദിവസങ്ങൾ വരുമ്പോൾ ആ ദിവസങ്ങളിൽ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പോകാതിരിക്കാൻ സാധ്യമല്ലാത്ത ഒരവസ്ഥ വരുന്നതുകൊണ്ടാണ് അവർ പോകുന്നത്. ഇതിപ്പോൾ മാത്രമല്ല ഞാൻ പ്രതിപക്ഷത്തിരിക്കുമ്പോഴും ഇങ്ങനെ വന്നിട്ടുണ്ട്. ഇത് എപ്പോഴുമുള്ളതാണ്. ഞാൻ ന്യായീകരിക്കുകയല്ല. ഈ സന്ദർഭങ്ങളിൽ കഴിയുന്നിടത്തോളം മന്ത്രിമാർ ഡേറ്റുകൾ ഏല്ക്കാൻ പാടില്ല. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്രത്യേകമായി, ഇന്നിപ്പോൾ ലഹരിവിരുദ്ധ ദിനമാണ്, ഇത് മാറ്റിവെയ്ക്കാൻ സാധ്യമാണോ; കഴിഞ്ഞ തവണ ഒരു

പരിപാടിക്ക് ശ്രീ. വി. എസ്. ശിവകുമാർ പോയി. അന്ന് അമ്മമാരുടെ മുലയൂട്ടൽ ദിനമായിരുന്നു. അതൊക്കെ ചിലപ്പോൾ വേണ്ടിവരും. അതിന് ........ (ബഹളം)........... അതുകൊണ്ട് ചില അത്യാവശ്യ സന്ദർഭങ്ങളിൽ മന്ത്രിമാർക്ക് പരിപാടിയിൽ പങ്കെടുക്കേണ്ടി വരും. അത് സഭയിൽ പങ്കെടുക്കുന്ന എം. എൽ.എ. മാരെ ബുദ്ധിമുട്ടിക്കാത്ത രീതിയിലായിരിക്കണം. ഇത്തരം സന്ദർഭങ്ങളിൽ സഭ കൂടുമ്പോൾ പരിപാടികളിൽനിന്നും മന്ത്രിമാർ കഴിയുന്നിടത്തോളം ഒഴിഞ്ഞുനിൽക്കുന്നതാണ് നല്ലത്. അവർ സഭയിൽ ഉണ്ടായിരിക്കുന്നതാണ് നല്ലത്. അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രമേ പരിപാടിയിൽ പങ്കെടുക്കാൻ പോകാൻ പാടുള്ളൂ. .......... (ബഹളം)...........യെസ്... യെസ്..... അത് വേറെ വിഷയം. അത് പറഞ്ഞുകഴിഞ്ഞു...... യെസ്....യെസ്...... .......... (ബഹളം)...........അത്തരം കാര്യങ്ങളുടെ ചർച്ച വരികയും, മറുപടി പറയുകയും ചെയ്തു. ചില മറുപടികൾ സ്വീകാര്യമായിരിക്കും. ചില മറുപടികൾ സ്വീകാര്യമായിരിക്കില്ല. അത് ചെയറിന്റെ ഉത്തരവാദിത്വമല്ല.

.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഉദ്യോഗസ്ഥൻമാരുടെ സംരക്ഷണത്തിന് പരമാവധി ശ്രമിക്കുമെന്നു പറഞ്ഞ മുഖ്യമന്ത്രി, അദ്ദേഹം ശ്രമിക്കുന്നതിനിടയിൽ 15 ദിവസത്തെ നോട്ടീസ് കൊടുത്തതിനുശേഷം മൂന്നാമത്തെ ദിവസം പാവപ്പെട്ടൊരു സ്ത്രീയെ, രോഗിയായ ഒരു സ്ത്രീയെ, നിങ്ങൾതന്നെ കൊടുത്ത 15 ദിവസത്തെ നോട്ടീസിന്റെ കാലാവധിക്കുമുമ്പ് ഇത്തരത്തിൽ ക്രമവിരുദ്ധമായ തനിസ്വേച്ഛാധിപത്യപരമായ സമീപനമെടുത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും പ്രതിപക്ഷാംഗങ്ങളാകെത്തന്നെയും വാക്കൗട്ട് ചെയ്യുകയാണ്

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അല്പ സമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, റൂൾ 303 വച്ച് ഡിസ്ക്കഷൻ പാടില്ലെന്ന് വളരെ സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. അതിനുശേഷം സ്പീക്കർ റൂളിംഗ് കൊടുത്തുകഴിഞ്ഞാൽ റൂളിംഗിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്താൻ അവകാശമുണ്ടോ; ചട്ടങ്ങൾക്ക് വിരുദ്ധമാണെങ്കിൽ അത് ചൂണ്ടിക്കാണിക്കണ്ടേ?

മി. സ്പീക്കർ: അതൊക്കെ ഓരോരോ കാഴ്ചപ്പാടാണ്. ചട്ടങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ പലതും നടക്കുന്നത്. ഇതെല്ലാം സമീപനത്തേയും കാഴ്ചപ്പാടിനേയും അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. റൂൾ 303-ൽ ചർച്ച പാടില്ല. ശ്രീ. ഷിബു ബേബിജോൺ മനസ്സിലാക്കേണ്ടത്, സ്പീക്കറുടെ മുമ്പിലിരിക്കുന്ന വിഷയം ക്രമപ്രശ്നമാണ്. അതിനുമാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. മറ്റ് വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പറഞ്ഞുകഴിഞ്ഞു. അത് ഞാൻ പ്രതിപക്ഷനേതാവിനോട് പറഞ്ഞു. അതവിടെ തീർന്നു. പിന്നെ അദ്ദേഹം വീണ്ടും സംസാരിച്ചു എന്നുള്ളതാണ്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതിന് റൂളിംഗ് വേണം. ചട്ടവിരുദ്ധമാണെന്നുള്ള റൂളിംഗ് വേണം.

മി. സ്പീക്കർ: അതൊന്നും വേണ്ട.